**പതിനാലാം കേരള നിയമസഭ**

**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.615 — 31.10.2016 ൽ മറുപടിക്ക്

**ഹരിത കേരളം പദ്ധതി**

| ചോദ്യം: | | മറുപടി : | |
|---|---|---|---|
| ശ്രീ.കെ.വി.അബ്ദുൾ ഖാദർ<br>ശ്രീ.എ. പ്രദീപ്കുമാർ<br>ശ്രീ.ജോൺ ഫെർണാണ്ടസ്<br>ശ്രീ.വി. ജോയി: | | ശ്രീ.പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| എ) | സ്വാശ്രയത്തിനും ശുചിത്വത്തിനും ഊന്നൽ നൽകുന്ന ഹരിത കേരളം പദ്ധതിയുടെ വിശദാംശം നൽകുമോ; | എ) | ശുചിത്വം-മാലിന്യ സംസ്കരണം, കൃഷി വികസനം, ജലസംരക്ഷണം എന്നീ മേഖലകളിൽ ഊന്നൽ നൽകുന്ന ബൃഹത്തായ ഒരു പദ്ധതിയാണ് ഹരിത കേരളം പദ്ധതി. |
| ബി) | പദ്ധതി നടത്തിപ്പിന് ബഹു ജനപങ്കാളിത്തം ഉറപ്പാക്കാൻ എന്തു മാർഗ്ഗമാണ് ആവിഷ്കരിച്ചിരിക്കുന്നത്; | (ബി) | ആസൂത്രണത്തിലും നിർവ്വഹണത്തിലും തുടർ നടത്തിപ്പിലും സാമൂഹിക ഓഡിറ്റ് ഉറപ്പാക്കി ജനപങ്കാളിത്തത്തോടെയാണ് പദ്ധതി നടപ്പാക്കുക. ഇതിലേയ്ക്കായി ഓരോ പദ്ധതിയിലും ഗുണഭോക്താക്കളെ സംഘടിപ്പിച്ചുകൊണ്ട് അവർക്കാവശ്യമായ ശേഷിവർദ്ധനവും പരിശീലനവും നൽകും. |
| സി) | പദ്ധതി നടത്തിപ്പിനായി കർമ്മസേന രൂപീകരിച്ചിട്ടുണ്ടോ; കർമ്മസേനയുടെ ഇടപെടൽ ഏത് വിധത്തിലാ യിരിക്കുമെന്നും ഈ സേന യിൽ ഏതൊക്കെ വകുപ്പുക ളിലെ ഉദ്യോഗസ്ഥരാണ ണ്ടാവുകയെന്നും ഇവരുടെ പ്രവർത്തനം ക്രോഡീകരിക്കു ന്നതിനായി എന്തു സംവിധാനമാണുള്ളതെന്നും അറിയിക്കാമോ; | സി) | പദ്ധതിയിൽ ഉൾപ്പെട്ട മിഷനുകളുടെയും കർമ്മ സേനകളുടെയും പ്രവർത്തനത്തിന്റെ കാര്യ ക്ഷമതയും ഫലപ്രാപ്തിയും സർക്കാരിന്റെ നേരിട്ടുള്ള നിരീക്ഷണത്തിലായിരിക്കും. പദ്ധതികളുടെ ഗുണഫലങ്ങൾ, പൂർത്തിയാക്കേണ്ടുന്ന നാഴിക ക്കല്ലുകൾ, ജനപങ്കാളിത്തത്തോടെയുള്ള ജനസൗഹൃദ നടത്തിപ്പ്, സാമൂഹിക നിരീക്ഷണം എന്നിവ ഉറപ്പാക്കിക്കൊണ്ടുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതാണ്. |

| | | | |
|---|---|---|---|
| | | | ജില്ലാ തല കർമ്മസേന (Task Force)<br>അധ്യക്ഷൻ : ജില്ലാ കളക്ടർ<br>അംഗങ്ങൾ : ജില്ലാ പ്ലാനിംഗ് ഓഫീസർ<br>പട്ടികജാതി വകുപ്പ്,<br>പട്ടികവർഗ വകുപ്പ്,<br>ഫിഷറീസ് വകുപ്പ്,<br>കുടുംബശ്രീ ,സാമൂഹ്യക്ഷേമ<br>വകുപ്പ്, നഗരാസൂത്രണം,<br>ഗ്രാമവികസനം,കൃഷി,<br>ജലവിഭവം,വിദ്യാഭ്യാസം,<br>ആരോഗ്യം,വാട്ടർഅതോറിറ്റി,<br>ജലനിധിഎന്നിവയുടെ ജില്ലാ<br>ഓഫീസർമാർ,<br>ആർ.ഡി.ഒ/ സബ് കളക്ടർ,<br>ജില്ലാ പഞ്ചായത്ത് സെക്രട്ടറി<br>ഓരോ ജില്ലാ തല ടാസ്ക് ഫോഴ്സിനും ഒരു പൂർണ്ണസമയ ഉദ്യോഗസ്ഥൻ കോ-ഓർഡിനേറ്റർ എന്ന നിലയിൽപ്രവർത്തിക്കുന്നതാണ്. പ്രസ്തുത ഏകോപനത്തിന് ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ ഒരു സംസ്ഥാന തല എംപവേർഡ് കമ്മിറ്റിയും ഉണ്ടായിരിക്കുന്നതാണ്. |
| ഡി) | പദ്ധതിയുടെ രൂപരേഖയും നടത്തിപ്പിനുള്ള സമയക്രമവും തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദവിവരം അറിയിക്കുമോ? | ഡി) | പദ്ധതിയുടെ രൂപരേഖ തയ്യാറാക്കി വരികയാണ്. |

സെക്ഷൻ ഓഫീസർ